**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

2026 ജൂൺ 29, തിങ്കൾ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത് വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി**

**റവന്യൂ വകുപ്പ് മന്ത്രി**

**വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി**

**<u>ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകുന്ന പ്രവൃത്തികൾ</u>**

***91** **ശ്രീ. കെ. ബിനിമോൻ**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നൽകുന്നതിന് എന്തെങ്കിലും മുൻഗണന നിലവിൽ ഉണ്ടോ; വ്യക്തമാക്കാമോ;

**(ബി)** നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത സൊസൈറ്റിക്ക് അധികമായി പ്രവൃത്തികൾ നൽകിയത് പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതിനും അഴിമതിക്കും കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

**(സി)** പ്രസ്തുത സൊസൈറ്റിക്ക് ഇക്കാര്യത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**പ്ലസ് വൺ സീറ്റുകളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി**

***92 ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ സീറ്റുകളുടെ അലോട്ട്മെന്റിൽ ജില്ലാ തലത്തിൽ ഉണ്ടായിരുന്ന അസന്തുലിതാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**(ബി)** പത്താം തരം പാസായ എല്ലാ കുട്ടികൾക്കും പര്യാപ്തമായ സീറ്റുകൾ പ്ലസ് വൺ തലത്തിൽ ലഭ്യമാണോ; കുട്ടികളുടെ അഭിരുചിയനുസരിച്ച് കോഴ്സ് തെരഞ്ഞെടുക്കാൻ സാധിക്കുന്ന വിധത്തിലാണോ സീറ്റ് അലോട്ട്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

**(സി)** ഏതൊക്കെ ജില്ലകളിലാണ് പ്ലസ് വണ്ണിന് അധിക സീറ്റ് ആവശ്യമായിവരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ; സീറ്റ് അലോട്ട്മെന്റിനുള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** അവസാന അലോട്ട്മെന്റ് കഴിയുമ്പോൾ എല്ലാ കുട്ടികൾക്കും സീറ്റ് ഉറപ്പാക്കാനും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഒഴിവാക്കാനും വേണ്ട നടപടികൾ കൈക്കൊള്ളുമോ;വിശദമാക്കുമോ?

**റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ**

***93 ശ്രീമതി ഉമ തോമസ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനുമായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ; വ്യക്തമാക്കുമോ;

**(ബി)** മുൻ സർക്കാർ തുടങ്ങിവച്ച ഡിജിറ്റൽ സർവേയുടെ തൽസ്ഥിതി വ്യക്തമാക്കാമോ; അതിൻപ്രകാരം ആകെ എത്ര ശതമാനം സർവേ പൂർത്തിയായിട്ടുണ്ടെന്നും എത്ര പദ്ധതികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

**(സി)** റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>പി.എം.ശ്രീ പദ്ധതി</u>

***94 ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**(ബി)** മുൻ സർക്കാർ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുകയും കേന്ദ്ര ഫണ്ട് കൈപ്പറ്റുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ തുടരാൻ സംസ്ഥാനം നിയമപരമായി നിർബന്ധിതമായിരിക്കുകയാണോ; വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട മറ്റ് ഫണ്ടുകൾ ലഭിക്കാത്തതോ തടഞ്ഞുവെച്ചിരിക്കുന്നതോ ആയ സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ</u>

***95 ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ട്രാവൽ ആൻഡ് ടൂറിസം മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** ടൂറിസം മേഖലയിലേക്ക് പുതുതായി കടന്നുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മുൻ സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന ഇന്നൊവേഷൻ ഗ്രാന്റ്, സീഡ് ഫണ്ടിംഗ് മുതലായ സാമ്പത്തിക സഹായങ്ങളും തൊഴിലിടങ്ങളും ഉറപ്പാക്കിയതിന്റെ ഗുണഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

**(സി)** ടൂറിസം വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും ഒരുമിച്ച് പ്രവർത്തിക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികളേതൊക്കെയെന്നും അതുകാരണം ടൂറിസം മേഖലയിലുണ്ടായ മുന്നേറ്റവും വിശദമാക്കാമോ;

**(ഡി)** ടൂറിസം മേഖലയിൽ നടപ്പാക്കിയിട്ടുള്ള കേരള സംസ്ഥാന ഡിസൈൻ പോളിസി ടൂറിസം പദ്ധതികളെ പ്രകൃതിക്കിണങ്ങുന്ന തരത്തിൽ രൂപകൽപ്പന ചെയ്യുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഉപാധിരഹിത പട്ടയം നൽകാൻ നടപടി</u>

***96** **ശ്രീ. വീണ ജോർജ് കുഴിമണ്ണിൽ**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കൃഷി ഭൂമിയിന്മേൽ കർഷകന് ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം നൽകുകയെന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

**(ബി)** നിസ്സാര കാരണങ്ങളാൽ കർഷകർ കൃഷിഭൂമിയിൽ നിന്ന് പുറന്തള്ളപ്പെടുന്ന ദുര്യോഗത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ഉപാധിരഹിത പട്ടയങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** ദശാബ്ദങ്ങളായി തങ്ങൾ കൃഷി ചെയ്തു വരുന്ന ഭൂമിയിൽ കർഷകർക്കുള്ള അവകാശരേഖയായ പട്ടയം ലഭിക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണവും നിയമഭേദഗതികളും പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**(ഡി)** വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വനം-റവന്യൂ ജോയിന്റ് വെരിഫിക്കേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഇ)** തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങളിൽ കാലികമായ പരിഷ്കരണവും തോട്ടഭൂമിയുടെ ഫലപ്രദമായ വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് നിയമ ഭേദഗതിക്ക് തയ്യാറാകുമോ; വിശദമാക്കാമോ?

**<u>അർഹരായവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി</u>**

***97** **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കാലങ്ങളായി കൈവശമുള്ള ഭൂമിയ്ക്ക് ഉപാധികളില്ലാതെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** തോട്ടം മേഖലയിലെ ഭൂമി സംബന്ധിച്ചുള്ള നിയമങ്ങൾ പരിഷ്കരിച്ച് അർഹരായവർക്ക് പട്ടയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(സി)** നിലവിൽ പട്ടയത്തിനുള്ള അപേക്ഷകളിൽ ഇനിയും തീർപ്പാക്കേണ്ടുന്ന അപേക്ഷകൾ എത്രയുണ്ട്; അപേക്ഷകർക്ക് പട്ടയം വിതരണം ചെയ്യുന്നത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## എന്റെ ഭൂമി ഡിജിറ്റൽ റീ സർവ്വേ പദ്ധതി

***98** **ശ്രീ. വി. കെ. സനോജ്**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** എന്റെ ഭൂമി ഡിജിറ്റൽ റീ സർവ്വേ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോർസ് (Continuously Operating Reference Station) ശൃംഖലയുടെയും റോവർ ഉപകരണങ്ങളുടെയും കാര്യക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ടോ; സർവ്വേ നടപടികളിൽ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**(സി)** റീ സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിയമനം നടത്തിയ പുതിയ സർവ്വേയർമാരുടെയും ഹെൽപ്പർമാരുടെയും വിശദാംശങ്ങൾ നൽകാമോ;

**(ഡി)** പൊതുജനങ്ങൾക്ക് തങ്ങളുടെ ഭൂമിയുടെ സ്കെച്ചും റെക്കോർഡുകളും എന്റെ ഭൂമി പോർട്ടൽ വഴി എളുപ്പത്തിൽ പരിശോധിക്കുന്നതിനും സർവ്വേയുമായി ബന്ധപ്പെട്ട് പരാതികൾ ഓൺലൈനായി സമർപ്പിച്ച് പരിഹാരം കാണുന്നതിനുമുള്ള സംവിധാനം നിലവിൽ പൂർണ്ണ സജ്ജമാണോ; വിശദമാക്കാമോ?

## വിനോദസഞ്ചാരമേഖലയിലെ അപകടമരണങ്ങൾ

***99** **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിനോദസഞ്ചാരമേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ;

**(ബി)** പ്രസ്തുത അപകടമരണങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

**(സി)** അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഭൂവിവരങ്ങളുടെ ഡിജിറ്റൽ പരിപാലനവും ഓൺലൈൻ സേവനങ്ങളും</u>**

***100 ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ ഭൂവിവരങ്ങൾ കൃത്യതയോടെ സമാഹരിച്ച് ഡിജിറ്റൽ സംവിധാനത്തിൽ സൂക്ഷിക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**(ബി)** സംസ്ഥാനത്തെ ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**(സി)** ഭൂമി സംബന്ധമായ സേവനങ്ങളിൽ സുതാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനോടൊപ്പം ആധുനിക സാങ്കേതികവിദ്യയുടെ പൂർണ പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**(ഡി)** ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനം നിലവിൽ വന്നതിനുശേഷം ഭൂരേഖാ പരിപാലനത്തിൽ കൃത്യതയും സമഗ്രതയും ഉറപ്പുവരുത്താനായിട്ടുണ്ട് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ആദിവാസി കൈവശ ഭൂമി പട്ടയം</u>**

*101 **ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മലയോര ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശം വെച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കാമോ;

**(ബി)** കാർഷിക ലോൺ ഉൾപ്പെടെയുള്ള ലോൺ ലഭിക്കുന്നതിനായി പട്ടയം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## <u>വൈറ്റ് ടോപ്പിംഗ്</u>

*102 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** റോഡ് നിർമ്മാണത്തിലെ ആധുനിക സാങ്കേതിക വിദ്യയായ വൈറ്റ് ടോപ്പിംഗ് പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** മുപ്പത് വർഷംവരെ റോഡുകൾ കേടുപാടുകൾ കൂടാതെ സൂക്ഷിക്കുന്ന പ്രസ്തുത നൂതന സാങ്കേതികവിദ്യ നടപ്പാക്കിയാൽ ഉണ്ടാകുന്ന സാമ്പത്തിക ലാഭം പഠന വിധേയമാക്കുന്നതിന് പരിഗണിക്കുമോ;

**(സി)** ബാംഗ്ലൂർ നഗരത്തിൽ ഒൻപതിനായിരം കോടി രൂപ മുടക്കി തൊള്ളായിരം കിലോമീറ്റർ നഗര റോഡുകൾ വൈറ്റ് ടോപ്പിംഗ് നടത്തി നഗര ഗതാഗതം ആധുനികവത്കരിച്ചതിനെക്കുറിച്ച് പഠിക്കുന്നതിനായി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഔദ്യോഗിക സംഘം സന്ദർശനം നടത്തുമോ; വിശദമാക്കാമോ?

## <u>പി.എം.ശ്രീ പദ്ധതി</u>

*103 **ശ്രീ. കെ. രാജൻ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ നിന്നും പിന്മാറുന്നതായി അറിയിച്ചുകൊണ്ട് മുൻ സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിനായി ഏതെങ്കിലും തുക കേന്ദ്ര സർക്കാരിൽനിന്നും കൈപ്പറ്റിയിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** പി.എം.ശ്രീ പദ്ധതി വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച തീരുമാനം അറിയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ഡിജിറ്റൽ സർവ്വേ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

***104 ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഡിജിറ്റൽ സർവ്വേയിൽ രണ്ടുമൂന്നു പ്ലോട്ടുകൾ ഒന്നിച്ചു ചേർത്ത് ഒരേ സർവ്വേ നമ്പർ ആക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** ഇങ്ങനെ പ്ലോട്ടുകൾ കൂട്ടിച്ചേർക്കുമ്പോൾ അതിൽ ഏതെങ്കിലും ഒരു പ്ലോട്ടിന്റെ ആധാരം പണയപ്പെടുത്തുന്നതിനോ വിൽക്കുന്നതിനോ ബുദ്ധിമുണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

**(ഡി)** ഡിജിറ്റൽ സർവ്വേ നടപ്പിലാക്കിയതിന് ശേഷം വസ്തു ഉടമ മരണപ്പെട്ട് കഴിഞ്ഞാൽ വസ്തുവിന്റെ ക്രയവിക്രയത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും

കാലതാമസവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നൂതന പദ്ധതികൾ</u>**

***105** **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** റോഡുകളുടെ ദീർഘകാല ഈടുനിൽപ്പിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ചുകൊണ്ട് മുൻ സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ റോഡുകളാണ് ബി.എം.& ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയതെന്ന് വ്യക്തമാക്കാമോ;

**(സി)** കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ പുനർനിർമ്മാണ (റീബിൽഡ് കേരള) പദ്ധതിയിലൂടെ എങ്ങനെയാണ് റോഡുകൾ നവീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**(ഡി)** റോഡ്, പാലം നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയ പരിസ്ഥിതി സൗഹൃദവും ആധുനികവുമായ സാങ്കേതിക വിദ്യകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>റോഡ് സുരക്ഷാ ഓഡിറ്റ്</u>**

***106** **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. പി. കെ. ഫിറോസ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** റോഡ് സുരക്ഷാ വിഷയത്തിൽ വൈദഗ്ധ്യമുള്ളവർ അപകട സാധ്യതയുള്ള സ്ഥലം സന്ദർശിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**(സി)** കൂടുതൽ ഉദ്യോഗസ്ഥർക്ക് റോഡ് സുരക്ഷയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ഡി)** റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ടൂറിസം വികസനം

***107 ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ടൂറിസം മേഖല അഭിമുഖീകരിക്കുന്ന നിലവിലെ വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വെല്ലുവിളികൾ പരിഹരിച്ച് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(ബി)** സംസ്ഥാനത്തെത്തുന്ന വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഓരോ വർഷവും കുറയുന്നുണ്ടോ; എങ്കിൽ കൂടുതൽ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

**(സി)** വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആധുനിക ശൗചാലയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

## പാഠ്യ പദ്ധതികളിലെ മൂല്യങ്ങൾ

***108 ശ്രീ. ടി. എം. ശശി**

**ശ്രീ. വി. കെ. സനോജ്**

**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാഠപുസ്തകങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾ, ലിംഗനീതി, ശാസ്ത്രബോധം തുടങ്ങിയ വിഷയങ്ങൾക്ക് മുൻ സർക്കാർ നൽകിവന്നിരുന്ന പ്രാധാന്യം നിലനിർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

**(ബി)** അറിവ് പകർന്ന് നൽകുന്നതിനോടൊപ്പം കുട്ടികളിൽ വിമർശനാത്മക ചിന്താശേഷി വളർത്തുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ വിമർശനാത്മക ബോധനശാസ്ത്രം അടിസ്ഥാനമാക്കിയുള്ള പഠന രീതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**(സി)** പരീക്ഷാ സംവിധാനത്തിൽ കേവലം ഓർമ്മ ശക്തിക്ക് പകരം ചിന്താശേഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് മുൻ സർക്കാർ നടപ്പാക്കിയ ചോദ്യപേപ്പർ ഘടനയിലെ മാറ്റങ്ങളും നിബന്ധനകളും നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ

***109 ശ്രീ. സുമേഷ് അച്യുതൻ**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഏതെല്ലാം വിഷയങ്ങൾക്കാണ് പ്രാധാന്യം നല്കുന്നത്; ലഹരിയുടെ ദൂഷ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന വിധത്തിൽ കൂടുതൽ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ;

**(ബി)** പരിസ്ഥിതി സംരക്ഷണം, കൃഷി, ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം എന്നീ വിഷയങ്ങളിലുള്ള ശാസ്ത്രീയവും പ്രായോഗികവുമായ അറിവുകൾ നൽകുന്ന വിധം പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

**(സി)** കാലാനുസൃതമായ പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും അധ്യയനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>റോഡ് നിർമ്മാണത്തിലെ നിർജീവാവസ്ഥ</u>**

***110 ശ്രീമതി ഗീതാ ഗോപി**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനവിനോടൊപ്പം റോഡ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ വില വർധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

**(ബി)** നിർമ്മാണ സാമഗ്രികളുടെയും ടാറിന്റെയും വിലവർധനവിനെത്തുടർന്ന് കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ പല സ്ഥലത്തും പൂർണമായും നിർത്തിവച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

**(സി)** മൺസൂൺ മഴയുടെ ആരംഭത്തോടെ പല പ്രധാന റോഡുകളും തകരാൻ തുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ഗതാഗത സംവിധാനം സുഗമവും അപകടരഹിതവുമാക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

**(ഡി)** കേന്ദ്രസർക്കാരിന്റെ ചുമതലയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ബിറ്റുമിന്റെ വിലയിലുണ്ടായ വർധനവിനനുയോജ്യമായ തുക കരാറുകാർക്ക് വർധിപ്പിച്ചു നൽകുന്നതിന് കേന്ദ്രം തീരുമാനമെടുത്തിട്ടുള്ള

സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാനമായി സംസ്ഥാനത്തെ കരാറുകാർക്ക് ബിറ്റുമിന്റെ വിലവർധനവ് മൂലമുള്ള നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കേരളത്തിലെ ദേശീയപാത വികസനം</u>**

***111 ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. കാരായി രാജൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലെ ദേശീയപാത വികസനത്തിലും മറ്റ് വൻകിട റോഡ് പദ്ധതികളിലും സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ ഉണ്ടായ പ്രധാന പരിവർത്തനങ്ങൾ വിശദീകരിക്കാമോ;

**(ബി)** ദേശീയപാത 66-ന്റെ വികസനം യാഥാർത്ഥ്യമാക്കാൻ 2016 മുതൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**(സി)** ഏറെക്കാലമായി പൂർത്തിയാകാതിരുന്ന കുതിരാൻ ടണൽ, മൂന്നാർ-ബോഡിമെട്ട് ദേശീയപാത എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച നടപടികൾ വ്യക്തമാക്കാമോ;

**(ഡി)** ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ തുടങ്ങിയവക്കായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത സാമ്പത്തിക ബാധ്യതകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ?

**<u>പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

***112 ശ്രീ. എഫ്. രാജ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ദീപക് ജോയ്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് റവന്യൂഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനും അർഹരായവരുടെ കൈവശഭൂമിക്ക് രേഖ നൽകുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**(ബി)** പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ;

**(സി)** ലാൻഡ് ട്രിബ്യൂണലുകളിൽ കേസുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സംസ്ഥാന പാതകളുടെ നവീകരണം

***113** **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാന പാതകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

**(ബി)** സംസ്ഥാന പാതകളിൽ വർധിച്ചു വരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതാ മേഖലകൾ കണ്ടെത്തുന്നതിനും റോഡ് സുരക്ഷാ ഓഡിറ്റിംഗ് നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** സംസ്ഥാന പാതകളിൽ പലയിടത്തും ഡ്രെയിനേജ് സംവിധാനമില്ലാത്തതിനാൽ വെള്ളക്കെട്ട് രൂപപ്പെട്ട് റോഡുകൾ തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ദേശീയപാത 66ന്റെ നിർമ്മാണ പുരോഗതി

***114** **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. കാരായി രാജൻ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ദേശീയപാത 66 ആറുവരിയായി വികസിപ്പിക്കുന്നതിന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**(ബി)** എത്ര റീച്ചുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്;

**(സി)** അവശേഷിക്കുന്ന റീച്ചുകൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**(ഡി)** ഇക്കാര്യത്തിൽ 2016 മെയ് മുതൽ 2026 മെയ് വരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**(ഇ)** ദേശീയപാത 66 ആറുവരിയാക്കുന്നതിന് 2011-16 കാലയളവിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ?

## ഭൂനിയമ പരിഷ്കരണവും ഭൂരേഖകളുടെ ഡിജിറ്റൈസേഷനും

***115 പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഭൂനിയമങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതിനായി കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**(ബി)** ഭൂനിയമങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

**(സി)** ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

## മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

***116** **ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി ഉമ തോമസ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മലയോര ഹൈവേയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** ഏതൊക്കെ ജില്ലകളിലാണ് നിർമ്മാണം പൂർത്തിയായിട്ടുള്ളത്; വിശദമാക്കാമോ;

**(സി)** നിർമ്മാണത്തിന് കണക്കാക്കിയിട്ടുള്ള ആകെ അടങ്കൽ തുക എത്രയാണെന്ന് വിശദമാക്കാമോ?

**<u>റോഡുകളുടെ നിലവാരം ഉയർത്താൻ നടപടി</u>**

***117** **ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിയിൽ നിലവാരം പുലർത്താതിരുന്നതുകൊണ്ട് വളരെയധികം റോഡുകൾ തകർന്ന് ഉപയോഗശൂന്യമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**(ബി)** സംസ്ഥാനത്ത് റോഡുകളുടെ നിർമ്മിതിയിൽ ഉണ്ടാകാവുന്ന ക്രമക്കേടുകൾ നിയന്ത്രിക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(സി)** നിശ്ചിത കാലയളവിനു മുമ്പ് റോഡുകൾക്ക് നാശനഷ്ടം ഉണ്ടാവുകയോ നിർമ്മാണ വൈകല്യം കണ്ടെത്തുകയോ ചെയ്താൽ കരാറുകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അതിക്രമങ്ങൾ

***118 ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മൂന്നാർ, പൊന്മുടി തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യ വിരുദ്ധരും ഗുണ്ടകളും വിനോദസഞ്ചാരികളെ ആക്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഇങ്ങനെയുള്ള ആക്രമണങ്ങൾ വിനോദ സഞ്ചാര മേഖലയെ സാരമായി ബാധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

**(സി)** ആഭ്യന്തര വകുപ്പുമായി ചേർന്ന് ഇത്തരം സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന് നടപടികൾ

***119 ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാരിസ്ഥിതിക ജാഗ്രതയോടെ ടൂറിസം വികസനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(ബി)** സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രയും താമസവും ലഭ്യമാക്കുന്നതിന് ടൂറിസം മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ജെൻഡർ ഓഡിറ്റിങ്ങിലൂടെ സമയാസമയങ്ങളിൽ വേണ്ട പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**(സി)** അഗ്രോ ടൂറിസം പദ്ധതികളിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം**

***120 ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കൃഷി, ഡയറി, വ്യവസായം, ടൂറിസം എന്നീ ആവശ്യങ്ങൾക്കായി ഭൂവിനിയോഗം സാധ്യമാക്കും വിധം സംസ്ഥാനത്ത് ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**(ബി)** തോട്ടം ഭൂമിയുടെ സ്വാഭാവികത നിലനിർത്തി ഭൂവിനിയോഗത്തിൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി അവ വ്യാവസായിക ആവശ്യങ്ങൾക്ക് വിട്ടുനൽകുമോയെന്ന് അറിയിക്കാമോ;

**(സി)** തോട്ടവിളകൾക്കൊപ്പം പ്രാദേശിക വിപണനത്തിനും കയറ്റുമതിക്കും സാധ്യതകളുള്ള വിദേശ പഴങ്ങൾ ഉൾപ്പെടെയുള്ള ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കും വിധം റവന്യൂ നിയമങ്ങളിൽ കാലോചിത പരിഷ്കാരങ്ങൾ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ;

**(ഡി)** വനഭൂമിയുമായും തീരദേശഭൂമിയുമായും ബന്ധപ്പെട്ട് അനുവദിക്കുന്ന പട്ടയങ്ങൾ പൂർണമായും ഉപാധിരഹിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(ഇ)** ഭൂമി തരംമാറ്റ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 20, ശനി

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം

വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].